# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 6** | **02/03/2020-ൽ മറുപടിക്ക്**

### വിവരസാങ്കേതികവിദ്യാ മേഖലയിലെ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ. വി.കെ.പ്രശാന്ത്**
**,, ആർ. രാജേഷ്**
**ശ്രീമതി.വീണാ ജോർജ്ജ്**
**ശ്രീ.യു. ആർ. പ്രദീപ്**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | വിവരസാങ്കേതികവിദ്യാ മേഖലയിലെ തൊഴിൽ സാധ്യതകൾ പരിഗണിച്ച് പ്രസ്തുത മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) | വിവര സാങ്കേതികവിദ്യാ മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി സർക്കാരിന്റെ വിവര സാങ്കേതിക നയത്തിനനുസൃതമായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നീ ഗവൺമെന്റ് ഐ.ടി പാർക്കുകളിൽ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും (SEZ & NON SEZ) ഐ.ടി/ഐ.ടി.ഇ.എസ് വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമി, കെട്ടിടം, ഫർണിഷ്ഡ് സ്പെയിസസ്, സ്മാർട്ട് ബിസിനസ്സ് സെന്ററുകൾ തുടങ്ങിയവയോ- ടൊപ്പം കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി - ജലം വിതരണ സംവിധാനം, മികച്ച കണക്റ്റിവിറ്റി, റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും പാർക്കുകളിൽ ഒരുക്കിയിട്ടുണ്ട്. പാർക്കുകൾ നേരിട്ടും ഉപസംരംഭകർ മുഖേനയും ഏകദേശം 192.06 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ ഇതിനോടകം സജ്ജീകരി-ച്ചിട്ടുണ്ട്. ഇതുവഴി മൂന്നു പാർക്കുകളിൽ പ്രവർത്തിക്കുന്ന 913 കമ്പനികളിലൂടെ ഏകദേശം 1,06,570 തൊഴിലവസരങ്ങൾ പ്രത്യക്ഷമായും അതിന്റെ മൂന്നിരട്ടി തൊഴിലവസരങ്ങൾ പരോക്ഷമായും സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് മികച്ച സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ. സാങ്കേതിക സംരംഭകത്വം പ്രോത്സാഹിപ്പിക്കു-ന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. തന്മൂലം സംസ്ഥാനത്ത് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) | ഐ.ടി. വ്യവസായ രംഗത്തെ ആഗോള വ്യവസായികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് | ബി) | • സർക്കാരിന്റെ വിവര സാങ്കേതിക നയത്തിനനുസൃതമായി ഐ.ടി |

| | | | |
|---|---|---|---|
| | ഐ.ടി. വ്യവസായത്തിന്റെ പ്രധാന കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | | വ്യവസായ രംഗത്തെ ആഗോള വ്യവസായികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും ഐ.ടി വ്യവസാ-യത്തിന്റെ പ്രധാന കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുന്നതിനുമായി ഐ.ടി പാർക്കുകൾ ഏകോപിപ്പിച്ചു കൊണ്ട് കേരള ഐ.ടി പാർക്ക്സ് എന്ന ഒറ്റ ബ്രാൻഡായി പ്രവർത്തിക്കുന്നു.<br>• സർക്കാർ പങ്കാളിത്വത്തോടുകൂടി സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജൈറ്റെക്സ്, സിബിറ്റ് എന്നിവ ഉൾപ്പെടെയുള്ള ദേശീയ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന ഐ.ടി മേളകൾ, സെമിനാറുകൾ, കോൺഫറൻസുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിനും കേരളത്തിലെ ഐ.ടി/ഐ.ടി.ഇ.എസ് മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, മാനവശേഷി ലഭ്യത, നിക്ഷേപ സാധ്യതകൾ തുടങ്ങിയവ |

| | | | |
|---|---|---|---|
| | | | മനസ്സിലാക്കികൊടുക്കുക വഴി കൂടുതൽ തദ്ദേശ / വിദേശ നിക്ഷേപങ്ങൾ കേരളത്തിലേക്ക് ആകർഷിക്കുവാനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• സമയ ബന്ധിതവും, നൂതനവുമായ മാർക്കറ്റിംഗ് സംവിധാനവും വളർന്നു വരുന്ന ആഭ്യന്തര വിപണിയെ പരമാവധി പ്രയോജനപ്പെടുത്താനുള്ള ഉപായങ്ങളും ഉൾപ്പെട്ടുള്ള സാമൂഹിക- സാമ്പത്തിക - വൈജ്ഞാനിക വികസനത്തിനും ഹൈ പവർ ഐ ടി കമ്മിറ്റിയുടെ നേതൃത്വത്തിൽ രണ്ടു വർഷത്തിലൊരിക്കൽ കേരളത്തിൽവച്ച് അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനങ്ങൾ (ഹാഷ് ഫ്യൂച്ചർ) സംഘടിപ്പിച്ചു വരുന്നുണ്ട്.<br>• ലോകോത്തര നിലവാരത്തോടെയുള്ള പശ്ചാത്തല സൗകര്യങ്ങളൊരുക്കി-ക്കൊണ്ട് പുത്തൻ സാങ്കേതിക വിദ്യകളുടെ (ഫ്യൂച്ചർ ടെക്നോളജികൾ) ഐ ടി വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും, ഈ മേഖലയിൽ |

| | | | |
|---|---|---|---|
| | | | തൊഴിൽ അന്വേഷിക്കുന്നവർക്കും, ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരു പോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| സി) | കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ, കെ.എസ്.ഐ.ടി.ഐ.എൽ. എന്നിവ വഴി ഐ.ടി. വ്യവസായ പ്രോത്സാഹനത്തിനായി ചെയ്തുവരുന്ന കാര്യങ്ങൾ വിശദമാക്കാമോ? | സി) | **<u>കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രസ്ട്രച്ചർ ലിമിറ്റഡ് (KSITIL)</u>**<br><br>ഐ.ടി വകുപ്പിന്റെ കീഴിലുള്ള ഐ.ടി സംബന്ധിയായ അടിസ്ഥാന വികസനത്തിനും, എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള നോഡൽ ഏജൻസിയായാണ് കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രസ്ട്രച്ചർ ലിമിറ്റഡ് (KSITIL) പ്രവർത്തിക്കുന്നത്. കൂടാതെ KIIFB മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പ്രോജക്ടുകൾ എന്നിവയ്ക്കുള്ള SPV ആയും പ്രവർത്തിക്കുന്നു. നിലവിൽ ടെക്നോപാർക്കിന്റെ അധീനതയിലുള്ള ടെക്നോസിറ്റിയിലെ (2.09 ലക്ഷം ച.അടി) പ്രാരംഭ കെട്ടിടത്തിന്റെ |

| | | | |
|---|---|---|---|
| | | | നിർമ്മാണം, കേരള സ്റ്റാർട്ടപ്പ് മിഷനു വേണ്ടി കേരള ടെക്നോളജി ഇന്നോവേഷൻ സോൺ എന്നിവ കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രസ്ട്രച്ചർ ലിമിറ്റഡ് (KSITIL)-ന്റെ മേൽനോട്ടത്തിൽ സ്ഥാപിച്ചു വരികയാണ്.<br><br>ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചു കൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയായ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (K-FON) പദ്ധതി കെ.എസ്.ഐ.ടി.ഐ.എൽ മുഖേന സർക്കാർ നടപ്പിലാക്കി വരുന്നു.<br><br>**<u>ഐ.ടി മിഷൻ</u>**<br><br>ഐ.സി.റ്റി മേഖലയുടെ വളർച്ചക്കായി കമ്പനികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുമെന്ന് ഐ.ടി നയം വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം നിർദ്ദേശിച്ചി-ട്ടുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ 01.12.2005 മുതൽ പ്രാവർത്തികമാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും (IT Service/ ITES/ Software/ Hardware units) ഈ ആനുകൂല്യങ്ങൾ ലഭ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ആനുകൂല്യ-ങ്ങൾ കമ്പനികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ ഒരു പ്രത്യേക ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊമോഷണൽ |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് സെൽ രൂപീകരിക്കുകയും സെല്ലിലൂടെ പ്രധാനമായും സ്റ്റാൻഡേർഡ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി നല്കി വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

സർക്കാരിന്റെ ഐ.ടി നയത്തിനനുസൃതമായി ഐ.ടി പാർക്കുകളിലേക്ക് ദേശീയ അന്തർദേശീയ തലത്തിലുള്ള ഐ.ടി/ഐ.ടി.ഇ.എസ് സംരംഭകരെ സംസ്ഥാനത്തേക്ക് കൂടുതൽ ആകർഷിക്കുന്നതിനു നടത്തിവരുന്ന വികസന പ്രവർത്തനങ്ങളുടെ ഫലമായി ഗവൺമെന്റ് ഐ.ടി പാർക്കുകളിൽ, പാർക്കുകൾ നേരിട്ടും അവിടെയുള്ള ഉപസംരംഭകർ മുഖേനയും ഏകദേശം 192.06 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ ഇതിനോടകം സജ്ജീകരിച്ചു കഴിഞ്ഞു. ഇപ്പോൾ ഐ.ടി പാർക്കുകളിൽ നടപ്പിലാക്കിവരുന്ന വിവിധ വികസന പദ്ധതികളിലൂടെ വരും വർഷങ്ങളിൽ ഏകദേശം 65.08 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും അധികമായി സജ്ജീകരിക്കുന്നതിനും അതിലൂടെ ഈ മേഖലയിൽ ഏകദേശം 59300 പേർക്ക് നേരിട്ടുള്ള പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ലോകോത്തര ഐ.ടി സംരംഭങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനു വേണ്ടി സാങ്കേതിക വ്യവസായിക മേഖലയിലെ പ്രഗത്ഭരെ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ രൂപീകരിച്ച ഹൈ പവർ കമ്മിറ്റിയുടെ ആഗോള സമ്മേളനമായ ഹാഷ് ഫ്യൂച്ചറും അതുമായി ബന്ധപ്പെട്ടുള്ള ഗ്ലോബൽ കണക്ട് മീറ്റിംഗുകൾ, ദേശീയ-അന്തർദ്ദേശീയ സെമിനാറുകൾ, റോഡ് ഷോകൾ എന്നിവയിലൂടെ കേരളത്തിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഡുഫ്രൈൻ കൺസൽട്ടിംഗ്, ഓർക്കിഡ് മൈക്രോ സിസ്റ്റംസ്, പാരമൌണ്ട് കമ്പ്യൂട്ടേഴ്സ്, എക്സ്പ്രസോ കാപ്പിറ്റൽ എന്നീ കമ്പനികൾ താൽപര്യം പ്രകടിപ്പിച്ചിരിക്കുകയും നിസ്സാൻ (ജപ്പാൻ), ടെറാനെറ്റ് (കാനഡ), എച്ച് ആന്റ് ആർ

ബ്ലോക്ക് (അമേരിക്ക) തുടങ്ങി കമ്പനികൾ അവരുടെ പ്രാരംഭ ഘട്ട ബിസിനസ്സ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഐ.ടി/ഐ.ടി അനുബന്ധ വ്യവസായങ്ങളുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിനും ഈ മേഖലകളിൽ നിക്ഷേപം മെച്ചപ്പെടുത്തുന്നതിനും ഐ ടി പോളിസിയിൽ നിരവധി പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയിൽ നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട പദ്ധതികൾ താഴെപ്പറയും പ്രകാരമാണ്.

- ലോകോത്തര സാങ്കേതിക പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഇന്റർനെറ്റ്, ടെലികമ്മ്യൂണിക്കേഷൻസ്, റെയിൽ - റോഡ് - വ്യോമ ഗതാഗതം തുടങ്ങിയവ ഉൾപ്പെടെയുള്ള കണക്ടിവിറ്റി സൗകര്യങ്ങൾ നടപ്പിലാക്കി വരുന്നു.
- കൊച്ചിയിൽ വാട്ടർ മെട്രോ ഉൾപ്പെടെയുള്ള മെട്രോ ഗതാഗത സൗകര്യങ്ങൾ, തിരുവനന്തപുരത്തെ എൻ.എച്ച് ബൈപാസ്, ഫ്ലൈ ഓവറുകൾ തുടങ്ങിയവയെല്ലാം ഐ.ടി അധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നവയാണ്.
- ഐ.ടി/ഐ.ടി.ഇ.എസ് ഉൾപ്പെടെയുള്ള വ്യവസായമേഖലകളിലെ നിക്ഷേപകർക്ക് അവരുടെ പദ്ധതികൾക്കനുസരിച്ച് അനുയോജ്യമായ മികച്ച മാനവശേഷി ആവശ്യാനുസരണം നൽകുന്നതിന് KASE , IIITM-K, ICFOSS, ICT Academy ASAP, IIMK തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ കോഴ്സുകൾ നടപ്പിലാക്കി വരുന്നു.

ആഗോള തലത്തിൽ ഐ.ടി/ഐ.ടി.ഇ.എസ് മേഖലകളിലായി പുത്തൻ സാങ്കേതിക വിദ്യകളായ ബ്ലോക്ക് ചെയിൻ ടെക്നോളജി, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ

ഇന്റലിജൻസ്, ഇന്റർനെറ്റ് ഓഫ് തിങ്ക്സ് (IoT), ബിഗ് ഡാറ്റാ അനലിറ്റിക്സ്, തുടങ്ങിയ പുത്തൻ സാങ്കേതിക വിദ്യകളുടെ (ഫ്യൂച്ചർ ടെക്നോളജികൾ) വളർച്ചയിലൂടെ ഈ മേഖലയിലും മറ്റ് അനുബന്ധ വ്യവസായങ്ങളിലുമുണ്ടാകുന്ന മാറ്റങ്ങൾ ഭാവിയിൽ ഐ.ടി/ഐ.ടി.ഇ.എസ് തൊഴിൽ സാധ്യതകളെയും ഐ.ടി വ്യസായത്തെയും ബാധിക്കുന്നതിനാൽ ഇത്തരം ഫ്യൂച്ചർ ടെക്നോളജികളിൽ ഐ.ടി വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും, ഈ മേഖലയിൽ തൊഴിൽ അന്വേഷിക്കുന്നവർക്കും, ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരു പോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Center of Excellence), സംസ്ഥാനത്തിലെ വിവിധ ഐ.ടി പാർക്കുകളിൽ ആരംഭിക്കാൻ സർക്കാരിന്റെ ഐ.ടി നയം അനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി നോളഡ്ജ്സിറ്റി ഉൾപ്പെട്ടിട്ടുള്ള ടെക്നോസിറ്റി പദ്ധതികളിൽ ഐ.ടി അടിസ്ഥാന സൗകര്യ വികസനത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ഗവൺമെന്റ് ഐ.ടി പാർക്കുകളിലെ അടിസ്ഥാന സൗകര്യ പദ്ധതികൾ കെ.എസ്.ഐ.ടി.ഐ.എൽ മുഖേനയാണ് നടപ്പിലാക്കി വരുന്നത്.

ടെക്നോസിറ്റിയിൽ കിഫ്ബി ഫണ്ടിങ്ങോടുകൂടി കെ.എസ്.ഐ.ടി.ഐ.എൽ നിർമ്മിക്കുന്ന 2 ലക്ഷം ച.അടി വിസ്തീർണ്ണത്തിലുള്ള ഐ.ടി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാക്കി ഐ.ടി സംരംഭങ്ങൾ ആരംഭിക്കുന്നതാണ്.

മികവിന്റെ കേന്ദ്രമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നോളഡ്ജ്സിറ്റി പദ്ധതിയിലുൾപ്പെടുത്തി ക്കൊണ്ട് ടെക്നോസിറ്റിയിലെ 70 ഏക്കറിൽ നിസ്സാൻ ഡിജിറ്റൽ

ഹബ്ബ്, വി.എസ്.എസ്.സി യുടെ സ്പെയിസ് പാർക്ക്, ടോറസ് - എംബസ്സി (ടെക്നോപാർക്ക്), ബ്രിഗേഡ് വേൾഡ് ട്രേഡ് സെന്റർ (ടെക്നോപാർക്ക്), റാക്ക് ബാങ്ക് ഡേറ്റാ സെന്റർ (ചേർത്തല ഇൻഫോപാർക്ക്) എന്നീ പദ്ധതികൾക്കു വേണ്ടിയുള്ള ധാരണാ പത്രങ്ങൾ ഒപ്പു വെച്ചിട്ടുണ്ട്.

ശാസ്ത്ര-സാങ്കേതിക മേഖലയിലെ ഉന്നത കേന്ദ്രമായ ഐ ടി പഠന ഗവേഷണ സ്ഥാപനമായ IIITMK-യെ ഒരു ഡിജിറ്റൽ സർവ്വകലാശാലയാക്കി മാറ്റുകയുണ്ടായി. സർവ്വകലാശാല ഉൾപ്പെട്ട ടെക്നോസിറ്റിയിലെ ആഗോള നിലവാരത്തിലുള്ള ക്യാമ്പസ് ഉടൻ പ്രവർത്തനം ആരംഭിക്കും.

കേരളത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തി വരുന്ന ഒരു പദ്ധതിയാണ് കെ-ഫോൺ (കേരള ഫൈബർ ഒപ്റ്റിക്കൽ നെറ്റ് വർക്ക്). സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ശക്തവും കാര്യക്ഷമവും ആക്കുന്നതിനും ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചു കൊണ്ട് സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി വിഭാവനം ചെയ്തതാണ് ഈ പദ്ധതി. വീടുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും അതിവേഗ ബ്രോഡ് ബാൻഡ് കണക്ടിവിറ്റി നല്കുന്നതിനായി ഫൈബർ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനായി കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രസ്ട്രച്ചർ ലിമിറ്റഡ് (KSITIL)-ഉം കെ.എസ്.ഇ.ബി-യും സംയുക്തമായി ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി തുടങ്ങുന്നതിനാവശ്യമായ ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് എന്ന കമ്പനിയെ വർക്ക് ഏല്പിക്കുകയും ചെയ്തിട്ടുണ്ട്.

എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK). 150 ലധികം ഹൈടെക് ക്ലാസ് റൂമുകളെ ടെലിപ്രസൻസ് സൊല്യൂഷൻ, ഡെഡിക്കേറ്റഡ് നെറ്റ് വർക്ക്, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം എന്നിവയുടെ സഹായത്തോടെ ഐ.ടി. പാർക്കുകളുമായി ബന്ധിപ്പിച്ച് പ്രതിവർഷം 50000 ത്തോളം വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിനും തൊഴിൽ സാദ്ധ്യതയ്ക്കുമുള്ള അവസരം ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഐ.ടി വ്യവസായ രംഗത്തെ ആഗോള വ്യവസായികളെ സംസ്ഥാനത്തേക്കു ആകർഷിച്ചു ഐ.ടി വ്യവസായത്തിന്റെ പ്രധാന കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിക്കുന്ന പദ്ധതികളാണ് ടെക്നോളജി ഇന്നോവേഷൻ സോൺ (TIZ), ടെക്നോസിറ്റി എന്നിവ.

വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നോവേഷൻ ഇൻക്യുബേറ്റർ ഹബ്ബ് ആയി കേരള ടെക്നോളജി ഇന്നോവേഷൻ സോൺ, കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്തു സ്ഥാപിച്ചു വരികയാണ്.

ടെക്നോപാർക്കിന്റെ നാലാം ഘട്ട വികസന പദ്ധതിയായ ടെക്നോസിറ്റിയിൽ നിർമ്മിക്കുന്ന ആദ്യ ഐ.ടി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തികൾ അവസാന ഘട്ടത്തിലേയ്ക്കു പുരോഗമിക്കുകയാണ്.

സർക്കാർ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും ആയാസ രഹിതവും ആക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ സൗജന്യ ഇന്റർനെറ്റ് പദ്ധതി നടപ്പിൽ

വരുത്തുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം തിരഞ്ഞെടുക്കപ്പെട്ട 2000 പൊതു സ്ഥലങ്ങളിൽ സൗജന്യ വൈഫൈ സംവിധാനം നടപ്പിൽ വരുത്തുന്നതാണ്. പ്രധാനമായും സർക്കാർ ഓഫീസുകൾ, ബസ് സ്റ്റാൻഡുകൾ, പാർക്ക്, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, കോടതികൾ, ജനസേവന കേന്ദ്രങ്ങൾ മുതലായ ജില്ലാ ഭരണ കൂടങ്ങൾ തിരഞ്ഞെടുത്തയിടങ്ങളിൽ ആണ് വൈഫൈ സംവിധാനം നടപ്പിലാക്കുന്നത്.